# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 363</u> <u>26.06.2013-ലെ മറുപടിക്ക്</u>

## <u>സ്വകാര്യ സ്വാശ്രയ മെഡിക്കൽ – ഡെന്റൽ – നഴ്സിംഗ് കോളേജുകളുടെ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. എം. എ. ബേബി :<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നിലവാരമില്ലാത്ത സ്വകാര്യ സ്വാശ്രയ മെഡിക്കൽ – ഡെന്റൽ – നഴ്സിംഗ് കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനോ നിയന്ത്രിക്കാനോ കഴിയാത്ത സാഹചര്യമുണ്ടോ ; എങ്കിൽ പ്രസ്തുത പശ്ചാത്തലത്തിൽ ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ – ഡെന്റൽ – നഴ്സിംഗ് കോളേജുകൾ കേരള ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളവയാണ്. ഈ സ്ഥാപനങ്ങളിലെ പ്രവർത്തനം വിലയിരുത്തുന്നതിനായി സർവ്വകലാശാല പരിശോധനകൾ നടത്തിവരുന്നുണ്ട്. പ്രസ്തുത പരിശോധനകളുടെ അടിസ്ഥാനത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനവും നിലവാരവും മെച്ചപ്പെടുത്തുന്നതിന് സർവ്വകലാശാലയുടെ ഭാഗത്തുനിന്ന് ക്രിയാത്മകമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. |
| (ബി) സർവ്വകലാശാല 2012 ജനുവരി മുതൽ ഇത്തരം കോളേജുകളിൽ നടത്തിയ പരിശോധനകളിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ ;<br><br>(സി) ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിരുന്നെന്ന് അറിയിക്കുമോ ; | **(ബി) & (സി)**<br>കേരള ആരോഗ്യ സർവ്വകലാശാല നടത്തിയ പരിശോധനകളിൽ യോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവും ക്ലിനിക്കൽ മെറ്റീരിയൽസിന്റെ അപര്യാപ്തതയും വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരത്തിലുമുള്ള കുറവുമാണ് കണ്ടെത്തിയിട്ടുള്ളത്. ഈ ന്യൂനതകൾ പരിഹരിക്കുന്നതിനു വേണ്ടി സർവ്വകലാശാല ബന്ധപ്പെട്ട പ്രിൻസിപ്പൽമാരുടെ യോഗം വിളിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിലേക്കായി അക്കാദമിക് സ്റ്റാഫ് കോളേജിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**(P.T.O.)**

(ഡി) ഏതൊക്കെ കോളേജുകൾ ഈ നിർദ്ദേശങ്ങൾ പാലിച്ചില്ല ; അവയ്ക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

(ഡി) നിർദ്ദേശങ്ങൾ പാലിക്കാത്ത കാസർഗോഡ് പോയ്നച്ചി സെഞ്ച്വറി കോളേജ് ഓഫ് നഴ്സിംഗ്, പന്തളം മഹാലക്ഷ്മി കോളേജ് ഓഫ് നഴ്സിംഗ് എന്നീ സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ